## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2298. 01.04.2013 -ൽ മറുപടിയ്ക്ക്

# ജീവിതശൈലീ രോഗങ്ങൾക്കുള്ള ചികിത്സാ സൗകര്യങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. എൻ. എ. ഖാദർ | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
| എ) | സംസ്ഥാനത്ത് വിവിധ ജില്ല കളിലായി സ്പെഷ്യലൈസ്ഡ് ആശുപത്രികൾ ആരംഭിക്കുവാൻ ഉദ്ദേശ്യമുണ്ടോ; | എ) യും ബി) യും | സംസ്ഥാനത്ത് നിലവിൽ മാതൃ-ശിശു ആശുപത്രികൾ ഇല്ലാത്ത ജില്ലകളിൽ അവ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് നടപടികൾ സ്വീകരിച്ചു വരുന്നു. പീഡിയാട്രിക്സ്, ഓർത്തോ, ഗൈനക്കോളജി, ഓങ്കോളജി, കാർഡിയോളജി തുടങ്ങിയ ഓരോ പ്രത്യേകവിഭാഗത്തിനും മാത്രമായി പ്രത്യേക ആശുപത്രികൾ തുടങ്ങുന്നത് സംബന്ധിച്ച ശുപാർശകളൊന്നും ഇപ്പോൾ സർക്കാരിന്റെ പരിഗണനയിൽ ഇല്ല. |
| ബി) | പീഡിയാട്രിക്സ്, ഓർത്തോ, ഗൈനക്കോളജി, ഓങ്കോളജി, കാർഡിയോളജി തുടങ്ങിയ ഓരോ പ്രത്യേക വിഭാഗത്തിനും മാത്രമായി പ്രത്യേക ആശുപത്രികൾ പ്രധാന കേന്ദ്രങ്ങളിൽ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത ബോദ്ധ്യപ്പെട്ടിട്ടുണ്ടോ; | | |
| സി) | ജീവിതശൈലീ രോഗങ്ങൾക്ക് ചികിത്സിക്കുവാൻ കൂടുതൽ സൗകര്യങ്ങൾ സംസ്ഥാനത്ത് ഏർപ്പെടുത്തുവാൻ ഉദ്ദേശ്യമുണ്ടോ? | സി) | ഉണ്ട്. നിലവിൽ ജീവിതശൈലീ രോഗങ്ങൾക്കുള്ള മരുന്നുകൾ ലഭ്യമാക്കിയിട്ടുള്ള സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങൾ, പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ കൂടാതെ സംസ്ഥാനത്തെ എല്ലാ ജില്ലാ/താലൂക്ക് ആശുപത്രികളിലും ക്യാൻസർ/പ്രമേഹ ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. 2012-13 സാമ്പത്തിക വർഷത്തിൽ ക്യാൻസർ ചികിത്സാ സൗകര്യം ലഭ്യമല്ലാത്ത 7 ജില്ലാ ആശുപത്രികളിൽ (കൊല്ലം, പത്തനംതിട്ട, ഇടുക്കി, മലപ്പുറം, പാലക്കാട്, വയനാട്, കാസർഗോഡ്) ക്യാൻസർ ചികിത്സാ യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി. |

| | | | |
|---|---|---|---|
| | | | കേന്ദ്രസർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്ന NPCDCS (National Programme for Prevention and Control of Cancer, Diabetes, Cardio Vascular Diseases and Stroke Programme) പദ്ധതി പ്രകാരം 5 ജില്ലകളിൽ (ആലപ്പുഴ, തൃശ്ശൂർ, പത്തനംതിട്ട, കോഴിക്കോട്, ഇടുക്കി) കാർഡിയാക്ക് ഇന്റൻസീവ് കെയർ യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു |

സെക്ഷൻ ഓഫീസർ